(ഡി) ഇതിൽ 1962–63–ൽ ചെറുകിട വ്യവസായ സാമഗ്രികൾക്കായി 59,45,000 രൂപയുള്ള ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ അസംസ്കൃത കശുവണ്ടിക്ക് 10 കോടി രൂപയുടെയും മോട്ടോർ വാഹനോപകരണങ്ങൾക്ക് 14 ലക്ഷം രൂപയുടെയും ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്.

(ഈ) വിവരങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. എൻ. രാമസ്വാമി നായർ : കേരളത്തിൽനിന്നും കയറുമതി ചെയ്യുന്ന സാധനത്തിന് കിട്ടുന്ന വിദേശനാണയത്തിനു് അനുപാതമായി കേരളത്തിലേക്കാവശ്യമുള്ള സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു് അനുവാദം കിട്ടാത്തതുകൊണ്ടു് മൊത്തം ഇൻഡ്യയിൽ ഇറക്കുന്ന സാധനങ്ങളുടെ അനുപാതത്തിനനുസരിച്ചു് കേരളത്തിനു് വിഹിതം കിട്ടുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇന്നു് ഓരോ സ്റ്റേറ്റിൽനിന്നും കയറുമതി ചെയ്യുന്ന സാധനങ്ങളുടെ വിദേശനാണ്യത്തിന്റെ കണക്കനുസരിച്ചു് ഇറക്കുമതി അനുവദിക്കണമെന്ന ഒരു നില ഇൻഡ്യാഗവണ്മെൻറു് സ്വീകരിച്ചിട്ടില്ല. ഇതു് ഇൻഡ്യാ ഗവണ്മെൻറിന്റെ തീരുമാനത്തിനു് വിധേയമായ കാര്യമാണു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഇങ്ങനെ വിദേശനാണയം, ഏതു് സാധനത്തിൽനിന്നാണു് കൂടുതൽ കിട്ടുന്നതെന്നു പറയാമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: കശുവണ്ടിയിൽ നിന്നാണെന്നാണു് തോന്നുന്നതു്; ഓർമ്മയിൽനിന്നു പറയുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇറക്കുമതിക്കു് ലൈസൻസു്, കയറുമതി നടത്തുന്ന വ്യാപാരികൾക്കു മാത്രമേ അനുവദിക്കുകയുള്ളു എന്ന ന്യായത്തെ മുൻനിറുത്തി, മറു സാധനങ്ങൾ ഉപയോഗിച്ചു് പ്രവർത്തനം നടത്തേണ്ടതായ മറു ഫാക്ടറികൾക്കു് ദോഷം സംഭവിക്കുകയും അവരുടെ വ്യാപാരത്തെ അതു് സാരമായി ബാധിക്കുകയും ചെയ്യുന്നു എന്നു കാണിച്ചു് വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ? ഇങ്ങനെ അത്യാവശ്യമുള്ള സാധനങ്ങൾ ഈ സ്ഥാപനങ്ങൾ കയറുമതി ചെയ്യുന്നില്ലെങ്കിലും, അവർക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു് ലൈസൻസു് കൊടുക്കാൻ കേന്ദ്രത്തിലേക്കു് സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എല്ലാ കാര്യങ്ങളിലും അങ്ങനെയില്ല. കൊപ്രായുടെ ഇറക്കുമതി സംബന്ധിച്ചാണു് വിഷമമുള്ളതു്. മറു വ്യവസായങ്ങളെ സംബന്ധിച്ചു് ആക്ഷേപം കിട്ടിയിട്ടില്ല. ഇതിനെ സംബന്ധിച്ചു് ഇൻഡ്യാ ഗവണ്മെൻറിലേക്കു് നിവേദനം നടത്തിയിട്ടുണ്ടു്.

മദ്യനിരോധനം

* 975. [13] ശ്രീ. പി. ആർ. ഫ്രാൻസീസു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിലെ മദ്യനിരോധനനയത്തിനു് എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കള്ളും ലഹരി കുറഞ്ഞ മദ്യങ്ങളും മദ്യനിരോധനത്തിൽനിന്നും ഒഴിവാക്കുവാൻ ആലോചനയുണ്ടോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ,ബി) കേന്ദ്രഗവണ്മെൻറു് നിയമിച്ചിട്ടുള്ള പഠനസംഘത്തിന്റെ റിപ്പോർട്ടു കിട്ടിയതിനുശേഷം മദ്യനിരോധനത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ആലോചിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇതു് ഡിപ്പാർട്ടുമെൻറലായിട്ടാണോ ലേലം ചെയ്യ കൊടുക്കുന്നതു്?

ശ്രീ. കെ. ടി. അച്യുതൻ: ഡിപ്പാർട്ടുമെൻറു് ലെവലിൽ തന്നെയാണു് നടക്കുന്നതു്.

ശ്രീ. ഇ. പി. ഗോപാലൻ : ഈ പഠനസംഘത്തിൻെറ മുമ്പാകെ എന്തെങ്കിലും അഭിപ്രായം വയ്ക്കാൻ ഈ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ : പലതും പറഞ്ഞിട്ടുണ്ടു്. റിപ്പോർട്ട വന്നതിനുശേഷമേ കാര്യങ്ങളും ആലോചിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. അച്യുതമേനോൻ ; ഈ സംഘത്തിൻെറ അന്വേഷണപരിധിയിൽ മദ്യനിരോധനം വേണമോ വേണ്ടയോ എന്നുള്ള കാര്യം ഉൾപ്പെടുന്നില്ല. നേരെമറിച്ചു് മദ്യനിരോധനം കർശനമായി നടപ്പിലാക്കേണ്ട കാര്യമാണെന്നു പറയുന്നു. അതു് ശരിയാണോ?

ശ്രീ. കെ. ടി. അച്യുതൻ : ഇന്നത്തെ നിലവച്ചുകൊണ്ടതന്നെ എന്തെല്ലാം പോരായ്മകളും ഉണ്ടെന്നും അതിനു് എന്തെല്ലാം പരിഹാരം കാണണമെന്നും റിപ്പോർട്ട വന്നതിനുശേഷം ആലോചിക്കുന്നതാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഇന്നത്തെ പത്രത്തിൽകണ്ടു, കള്ളചെത്തു് ഗവണ്മെൻറു് നേരിട്ടു നടത്താൻ പോകുന്നു എന്നു്; അതിൻെറ വാസ്തവസ്ഥിതി എന്താണു്?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെയൊന്നും തീരുമാനിച്ചിട്ടില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : കമ്മിറ്റിയുടെ റിപ്പോർട്ടു് വന്നതിനുശേഷം ആകാം എന്നുള്ളതു് അഖിലേൻഡ്യാ നയത്തിൻെറ ഭാഗമായി ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ളതാണോ ; ഈ അടുത്തകാലത്തു് പഞ്ചാബു് ഗവണ്മെൻറു് സ്വതന്ത്രമായ ഒരു തീരുമാനം എടുത്തതായി അറിയാമോ ; അങ്ങനെയാണെങ്കിൽ ഈ ഗവണ്മെൻറിനും ഇക്കാര്യത്തിൽ സ്വതന്ത്രമായ ഒരു നയം സ്വീകരിച്ചുകൂടേ ?

ശ്രീ. കെ. ടി. അച്യുതൻ : പഞ്ചാബു് ഗവണ്മെൻറും മഹാരാഷ്ട്ര ഗവണ്മെൻറും ചെയ്ത കാര്യങ്ങളൊക്കെ ഗവണ്മെൻറിനറിയാം. ഇന്നത്തെ നിലവച്ചു പുതിയ എന്തെങ്കിലും മാറ്റം ഉണ്ടാക്കണമെന്നുണ്ടെങ്കിൽ, റിപ്പോർട്ടു് കിട്ടിയശേഷം അഖിലേൻഡ്യാടിസ്ഥാനത്തിൽ ചർച്ച ചെയ്തശേഷമേ തീരുമാനിക്കുകയുള്ളൂ.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പരിപൂർണ്ണമായ മാറ്റം വരുത്തണമെങ്കിൽ റിപ്പോർട്ടു വരണമെന്നു പറഞ്ഞു. പ്രൊഹിബിഷൻ ഏരിയായിൽ രാത്രിയിലും, വെറ്റു് ഏരിയായിൽ പകലുമാണു് മദ്യപാനം നടത്തുന്നതു്. സംസ്ഥാനവ്യാപകമായി രാത്രി 8 മണി മുതൽ 10 മണിവരെ മാത്രമേ കടിക്കാൻ പാടുള്ളു എന്നുള്ള നിയമം കൊണ്ടുവരികയും, അങ്ങനെ കേരളത്തിൻെറ പല ഭാഗങ്ങളിലുമുള്ള വ്യത്യസ്ത നില അവസാനിപ്പിക്കുകയും ചെയ്തുകൊണ്ടു് കർശനമായി ഈ മദ്യനിരോധനം നടപ്പിൽവരുത്താൻ ശ്രമിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : തൽക്കാലം ആ നിലയിൽ ആലോചിക്കുന്നില്ല.

Mr. Speaker : The hon. Member can bring a non-official bill regarding that.

Question number 14 by Shri Avukaderkutty Naha. It has already been answered. Question number 15 by Shri K. G. Karunakara Menon.

LIBRARY ARCHIVES Kerala Legislative Assembly